ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ ശാസ്ത്രജ്ഞരും മറ്റും പങ്കെടുക്കുന്ന ചർച്ചകളും ബോധന പരിപാടികളും വിവിധ സ്ഥലങ്ങളിൽ നടക്കുന്നുണ്ട്.

ഭൂചലനംകൊണ്ട് പട്ടികജാതി ഹൗസിംഗ് കോളനികൾക്കുണ്ടായ നഷ്ടങ്ങൾ

71 (884) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ അകലക്കുന്നം വില്ലേജിലെ കാളിയൻമല പട്ടികജാതി ഹൗസിംഗ് കോളനിയിലെ വീടുകൾക്ക് ഭൂചലനംകൊണ്ട് നാശവും ബലക്ഷയവും ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ ;

(സി) എത്ര വീടുകൾക്ക് നാശനഷ്ടം ഉണ്ടായതായി കണ്ടെത്തി ;

(ഡി) ഈ വീടുകൾ ബലപ്പെടുത്തുവാനും വാസയോഗ്യമാക്കുവാനും എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷിച്ചിട്ടുണ്ട്.

(സി) 15 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) ഭൂകമ്പത്തിൽ കേടുപാടു സംഭവിച്ച വീടുകൾക്ക് മറ്റ് പ്രകൃതിക്ഷോഭത്തിൽ ഭവനനാശത്തിനു നൽകിവരുന്ന അതേ നിരക്കിൽ നഷ്ടപരിഹാരം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭൂചലനത്തിൽ കേടുപാട് സംഭവിച്ച കെട്ടിടങ്ങൾ പുതുക്കിപണിയുന്നതിന് നടപടി

72 (885) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവർത്തിക്കപ്പെട്ട ഭൂചലനങ്ങളിൽ ആകെ എത്ര വീടുകൾക്കും ആരാധനാലയങ്ങൾക്കും മറ്റു കെട്ടിടങ്ങൾക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വീടുകളും ആരാധനാലയങ്ങളും മറ്റു കെട്ടിടങ്ങളും പുതുക്കിപ്പണിയുവാൻ നഷ്ടപരിഹാരമിനത്തിലും ദുരിതാശ്വാസമിനത്തിലും തുക അനുവദിക്കുന്നതിനോടൊപ്പം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുവാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഭൂകമ്പത്തിൽ കേടുപാട് സംഭവിച്ച വീടുകൾക്ക് പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് നൽകുന്ന അതേ നിരക്കിൽ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആരാധനാലയങ്ങൾക്കും മറ്റും ദുരിതാശ്വാസ നിധിയിൽ നിന്ന് നഷ്ടപരിഹാരം നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിൽ ഇല്ല.

കാലവർഷക്കെടുതികൾക്കുള്ള സഹായം

73 (886) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് ആകെ എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് ; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ബി) ദുരന്തത്തിന് ഇരയായവർക്ക് സഹായങ്ങൾ എത്തിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു ; അതിലേയ്ക്കായി സർക്കാർ എന്തു തുക ചെലവഴിച്ചു ;

(സി) ഇതിലേയ്ക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാശനഷ്ടങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) പ്രകൃതിക്ഷോഭ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 30,000 രൂപ വീതവും, വീടുകൾ നഷ്ടപ്പെട്ടവർക്ക് ഭാഗിക നഷ്ടത്തിന് 5,000 രൂപ വരെയും, പൂർണ നഷ്ടത്തിന് 15,000 രൂപയും നൽകിയിട്ടുണ്ട്. മറ്റ് നാശനഷ്ടങ്ങൾക്ക് നിശ്ചിത തോതിൽ ധനസഹായം നൽകുന്നുണ്ട്. ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുക അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

(സി) ഇതിലേയ്ക്ക് പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല. സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായ 17.34 കോടി രൂപ ലഭിച്ചിട്ടുണ്ട്.

വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ സംരക്ഷണ കേന്ദ്രങ്ങൾ

74 (887) ശ്രീ. പി. കെ. കുമാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം VIII, IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[27-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 72 (885)- ന്റെ ഉത്തരം കാണുക]

ജില്ല	വീട്	ആരാധനാലയം	സ്കൂളുകൾ	മറ്റു കെട്ടിടങ്ങൾ
തിരുവനന്തപുരം	85	ഇല്ല	ഇല്ല	
കൊല്ലം	2372	2	ഇല്ല	7
പത്തനംതിട്ട	135	ഇല്ല	ഇല്ല	
ആലപ്പുഴ	150			
എറണാകുളം	60	ഇല്ല	1	
ഇടുക്കി	334	1	6	
കോട്ടയം	2173	10	13	6
തൃശ്ശൂർ	ലഭിച്ചിട്ടില്ല	—	—	
പാലക്കാട്	7	1	ഇല്ല	
മലപ്പുറം	63	2	4	
വയനാട്	ഇല്ല	ഇല്ല	ഇല്ല	
കോഴിക്കോട്	ഇല്ല	ഇല്ല	ഇല്ല	
കണ്ണൂർ	ഇല്ല	ഇല്ല	ഇല്ല	
കാസർഗോഡ്	ഇല്ല	ഇല്ല	ഇല്ല	

LIBRARY ARCHIVES Kerala Legislative Assembly